"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - അരുമാനൂർ എം.വി.ഹയർ സെക്കണ്ടറി സ്കൂളിലെ ശ്രീ ബിനീഷിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിക്കുന്നത് - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1909/2026/GEDN തീയതി,തിരുവനന്തപുരം, 04-03-2026

പരാമർശം:-

1. 17.07.2024 തീയതിയിലെ സ.ഉ.(സാധാ) നം.4421/2024/പൊവിവ നം. ഉത്തരവ്.
2. മാനേജരുടെ 30.11.2024-ലെ റിവിഷൻ ഹർജി.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14.05.2025 തീയതിയിലെ ഡിജിഇ/8601/2025-ഇറ്റി4 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

അരുമാനൂർ എം.വി.ഹയർ സെക്കണ്ടറി സ്കൂളിലെ എഫ്.റ്റി.എം ശ്രീ. ആയുള്ള സ്ഥാനക്കയറ്റ നിയമനം 02/05/2015 മുതൽ അംഗീകരിക്കണമെന്നും ആവശ്യപ്പെട്ട് ടി സ്കൂൾ മാനേജർ പരാമർശം (2) പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചു.

2. 21.08.2023 മുതൽ 08.10.2024 വരെ ശ്രീ. ബിനീഷ് ബി.എൽ. ഫുൾടൈം മീനിയലായി മാരായമുട്ടം ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ പുനർവിന്യാസത്തിൽ ജോലി ചെയ്തിട്ടുള്ളതിനാൽ ടി സേവനകാലയളവ് ഓഫീസ് അറ്റൻഡന്റ് നിയമനത്തിന് പരിഗണിക്കുവാൻ സാധിക്കുകയില്ല എന്ന് പരാമർശിച്ചു കൊണ്ട് ശ്രീ ബിനീഷ് ബി.എൽ. -ന്റെ 02.05.2015 മുതലുള്ള ഓഫീസ് അറ്റൻഡന്റ് ആയിട്ടുള്ള സ്ഥാനക്കയറ്റ നിയമനം 02.05.2015 മുതൽ 20.08.2023 വരെ ലിമിറ്റ് ചെയ്തും പിന്നീട് പുനർവിന്യാസത്തിന് ശേഷം മാതൃ സ്കൂളിൽ തിരികെ പ്രവേശിച്ച 09.01.2024 മുതൽ മാത്രം തുടർച്ചയായും ശമ്പള സ്കെയിലിൽ അംഗീകരിച്ച് ഉത്തരവ് നൽകി. ആയതിനെതിരെയാണ് മാനേജർ സൂചന റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്. മാനേജർ ശ്രീ ബിനീഷ് ബി.എൽ. -നെ ഓഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകി നിയമിച്ചു എങ്കിലും ആയതു അംഗീകരിച്ചു നൽകാത്ത സാഹചര്യത്തിൽ, 2023-24 വർഷത്തെ തസ്തിക നിർണ്ണയത്തെ തുടർന്ന് ടിയാനെ ഫുൾടൈം മീനിയൽ തസ്തിക നഷ്ടമായതായി കണക്കാക്കി പുനർവിന്യസിച്ചിരുന്നതായും, ടി കാലയളവിൽ 21.08.2023 മുതൽ 08.10.2024 വരെ ടിയാൻ ഓഫീസ് അറ്റൻഡന്റായി ജോലി ചെയ്തിട്ടില്ല എന്ന വസ്തുത കണക്കിലെടുത്താണ് ശ്രീ. ബിനീഷ് ബി.എൽ. -ന്റെ സ്ഥാനക്കയറ്റ നിയമനം നിയമന തീയതി മുതൽ 20.08.2023 വരെ ലിമിറ്റ് ചെയ്തും പിന്നീട് 09.10.2024 മുതൽ മാത്രം തുടർച്ചയായി ശമ്പള സ്കെയിലിലും അനുവദിച്ചു നൽകിയിട്ടുള്ളതും എന്നും ടി വിഷയം സംബന്ധിച്ച് നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസർ അറിയിച്ചിരുന്നു. 02/05/2015 മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സ്ഥാനക്കയറ്റം മുഖേന നിയമിക്കപ്പെട്ട ടിയാന് 21.08.2023 മുതൽ 08.10.2024 വരെയുള്ള കാലയളവിലും സ്കൂൾ

നിലനിൽക്കാൻ ഓഫീസ് അറ്റൻഡന്റ് തസ്തിക ഉണ്ട്. എന്നാൽ ഓഫീസ് അറ്റൻഡന്റ് നിയമനം അംഗീകരിക്കാതെ തുടർന്ന ശ്രീ. ബിനീഷ് ബി.എൽ. നെ ടിയാന്റെ ലോവർ പോസ്റ്റ് നഷ്ടപ്പെട്ടതിനെ തുടർന്നാണ് പുനർവിന്യസിച്ചിട്ടുള്ളത്. ശ്രീ. ബിനീഷ് ബി.എൽ 02.05.2015 -ൽ നിയമിതനായ തസ്തിക 21.08.2023 മുതൽ 08.10.2024 വരെയുള്ള കാലയളവിലും നിലനിന്നിരുന്നതും, ടി തസ്തികയിൽ മറ്റാരെയും നിയമിച്ചിട്ടില്ലാത്തതുമാണ്. ശ്രീ ബിനീഷ് ബി എൽ 21.08.2023 മുതൽ 08.10.2024 വരെയുള്ള കാലയളവിൽ ഫുൾടൈം മീനിയൽ തസ്തികയിൽ പുനർവിന്യാസത്തിൽ ജോലി ചെയ്തിട്ടുണ്ട്. ആയതിനാൽ ടിയാന്റെ ലാവണം 21.08.2023 മുതൽ 08.10.2024 വരെ യുള്ള കാലയളവിൽ അരുമാനൂർ എം വി എച്ച് എസ് എസിലെ ഓഫീസ് അറ്റൻഡൻഡ് തസ്തികയിൽ തുടർന്നതായി പരിഗണിച്ചു കൊണ്ട് 02/05/2015 മുതൽ തുടർച്ചയായി ഓഫീസ് അറ്റൻഡൻഡ് തസ്തികയിലെ നിയമനാംഗീകാരം നൽകണമെന്ന മാനേജരുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ബിനീഷ് ബി എൽ 02.05.2015 ൽ നിയമിതനായ ഓഫീസ് അറ്റൻഡൻഡ് തസ്തിക വ്യവസ്ഥാപിതവും, 21.08.2023 മുതൽ 08.10.2024 വരെയുള്ള കാലയളവിലും നിലനിന്നിരുന്നതും, ടി തസ്തികയിൽ മറ്റാരെയും നിയമിച്ചിട്ടില്ലാത്തതുമാകയാൽ ശ്രീ ബിനീഷ് ബി.എൽ.-ന്റെ ലാവണം 21.08.2023 മുതൽ 08.10.2024 വരെയുള്ള കാലയളവിൽ അരുമാനൂർ എം.വി.എച്ച്.എസ്.എസ്.ലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തുടർന്നതായി പരിഗണിച്ചു കൊണ്ട് ശ്രീ ബിനീഷ് ബി.എൽ. -ന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 02/05/2015 മുതലുള്ള നിയമനത്തിന് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ തുടർച്ചയായി അംഗീകാരം നൽകുവാൻ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, അപ്രകാരം മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

മാനേജർ, എം.വി.എച്ച്.എസ്.എസ്. അരുമാനൂർ, പൂവാർ പി.ഒ., തിരുവനന്തപുരം - 695 525
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെയ്യാറ്റിൻകര
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/356/2023-G.EDN)

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 05-03-2026 11:56:40

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.